# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

30.01.2014 ന് മറുപടി നൽകേണ്ടിയിരുന്നത്

നമ്പർ 3525

## ഭരണഭാഷ മലയാളമാക്കി ഇറക്കിയ ഉത്തരവ്

ചോദ്യം

ഉത്തരം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ എന്നും എങ്കിൽ, എപ്പോഴാണ് ഉത്തരവ് ഇറങ്ങിയതെന്നും ഇതനുസരിച്ച് എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ; | (എ) | 1969 ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിലെ 1ബി വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനി യോഗിച്ചു കൊണ്ട് നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതി കളിലൊഴികെ എല്ലാ ഔദ്യോഗികാ വശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്ന് നിർദേശിച്ചു കൊണ്ട്, നാളിതുവരെ ഘട്ടം ഘട്ടമായി 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പുതലവന്റെ അധ്യക്ഷതയിലുള്ള വകുപ്പുതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധി- |

| | | | |
|---|---|---|---|
| | | | കാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതലപദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട് |
| (ബി) | നിലവിൽ പല വകുപ്പുകളുടെയും ഉത്തരവുകൾ ഇംഗ്ലീഷിലാണ് പുറത്തിറങ്ങുന്നത് എന്ന വിവരം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; ഇത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നടയും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലെ ഉത്തരവുകൾ നിയമപരമായി അനുവദനീയമായ ഇതര ഭാഷകളിൽ പുറപ്പെടുവിക്കാവുന്നതും മറ്റെല്ലാ സാഹചര്യങ്ങളിലും മലയാളത്തിൽ-ത്തന്നെ പുറപ്പെടുവിക്കേണ്ടതുമാണ് എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന ഭരണ സിരാകേന്ദ്രത്തിന്റെ ഓരോ കെട്ടിടങ്ങളുടെയും പേര് എന്തൊക്കെയാണെന്നും ഇത് ഏത് ഭാഷയിലാണ് എഴുതി വച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (സി) | ഭരണ സിരാകേന്ദ്രത്തിന്റെ കെട്ടിടങ്ങളുടെ പേരുകൾ ഇംഗ്ലീഷ് ഭാഷയിലാണ് എഴുതിയിരിക്കുന്നത്. അവ<br>1. North Block<br>2. North Sandwich Block<br>3. Main Block<br>4. South Sandwich Block<br>5. South Block<br><br>എന്നാൽ സെക്രട്ടേറിയറ്റ് അനക്സ് എന്നത് ഇംഗ്ലീഷിലും മലയാളത്തിലുമാണ് എഴുതിയിരി-ക്കുന്നത്. |

Rajani Antony

സെക്ഷൻ ഓഫീസർ